**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 100** **29-01-2024 - ൽ മറുപടിയ്ക്ക്**

**വടകര-മാഹി കനാൽ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വടകര-മാഹി കനാലിന്റെ മൂന്നാം റീച്ചിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; മൂന്നാം റീച്ചിന്റെ ഡി.പി.ആർ. എന്ന് സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | വടകര-മാഹി കനാലിന്റെ വികസന പ്രവൃത്തികളുടെ ഭാഗമായി മൂന്നാം റീച്ചിൽ പുതിയ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. റിപ്പോർട്ട് രണ്ടാഴ്ചയ്ക്കകം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൺസൾട്ടന്റ് തയ്യാറാക്കുന്ന ഡിസൈൻ ലഭ്യമാകുന്നമുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കാൻ കഴിയുന്നതാണ്. |
| (ബി) | വടകര-മാഹി കനാലിന്റെ കുറുകെയുള്ള കോട്ടപ്പള്ളി പാലത്തിന്റെ പ്രവൃത്തിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വടകര-മാഹി കനാലിന്റെ കുറുകെ കോട്ടപ്പള്ളിയിൽ പാലം നിർമ്മിക്കുന്നതിന് ആർച്ച് ബ്രിഡ്ജ് ഡിസൈൻ അനുസരിച്ച് തയ്യാറാക്കിയ ഡി.പി.ആർ. ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ചുവരുന്നു. |
| (സി) | 2025 വർഷത്തോടെ ജലഗതാഗതത്തിന് സൗകര്യപ്രദമാകുന്ന തരത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) | 2025 വർഷത്തോടെ ജലഗതാഗത യോഗ്യമാക്കുന്നതിനായി നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ :<br><br>1. മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജ് - പ്രവൃത്തി അന്തിമഘട്ടത്തിലാണ്. 2024 ഏപ്രിൽ 30 ന് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>2. കരിങ്ങാലിമുക്ക് ലോക്ക് കം ബ്രിഡ്ജ് - സിവിൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. മെക്കാനിക്കൽ പ്രവൃത്തിക്ക് ULCCS -മായി കരാർ ആയിട്ടുണ്ട്.<br><br>3. വെങ്ങോളി റോഡ് ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയായി.<br><br>4. കനാലിന്റെ അഞ്ചാം റീച്ച് - ജലപാത ഗതാഗതയോഗ്യമായി. ഇരുഭാഗത്തുമുള്ള ബണ്ട് റോഡിന് കുറുകെയുള്ള കൾവെർട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.<br><br>5. കേളോത്ത് കണ്ടി, കുറുവയൽ സ്റ്റീൽ നടപ്പാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | | 6. കണ്ണൻകുട്ടി സ്റ്റീൽ നടപ്പാലം - നിർമ്മാണം പൂർത്തിയായി.<br><br>കൂടാതെ കനാലിന്റെ റീച്ച് 1-ൽ ബാക്കിയുള്ള പ്രവൃത്തികൾ ടെണ്ടർ ചെയ്തു. പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ അംഗീകാര നടപടികൾ പുരോഗമിക്കുന്നു. കളിയാംവള്ളി റോഡ് ബ്രിഡ്ജ് നിർമ്മാണത്തിനായി ഡി.പി.ആർ. തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ